LIBRARY ARCHIVES Kerala Legislative Assembly

ടെക്നോ ലോഡ്ജ് പദ്ധതി യുടെ പ്രവർത്തനം

72(1325) ശ്രീ. കെ. കെ. ദിവാകരൻ :
ശ്രീ. ടി. പി. കുഞ്ഞുണ്ണി :
ശ്രീ. ബി. രാഘവൻ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആവിഷ്കരിച്ച 'ടെക്നോ ലോഡ്ജ് പദ്ധതി'-യുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) 'ടെക്നോ ലോഡ്ജ് പദ്ധതി' നടപ്പാക്കുന്നതിനായി എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത് ; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ സൗകര്യങ്ങൾ നൽകുന്നതിന് എത്ര പഞ്ചായത്തുകൾ മുന്നോട്ടുവന്നിട്ടുണ്ട് ;

(ഡി) പദ്ധതി കൂടുതൽ പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ടെക്നോ ലോഡ്ജ് പദ്ധതി ഒരു പൈലറ്റ് പദ്ധതിയായി കൊല്ലം ജില്ലയിലെ കടയ്ക്കലും പെരിനാടുമാണ് ആരംഭിച്ചിട്ടുള്ളത്. ഈ പദ്ധതിയെ വിലയിരുത്തുവാനുള്ള സമയമായി വരുന്നതേയുള്ളൂ.

(ബി) ടെക്നോ ലോഡ്ജ് പദ്ധതി പഞ്ചായത്തുകളുടേയും സർക്കാർ ഏജൻസികളുടേയും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥല സൗകര്യങ്ങൾ പാട്ടത്തിന് എടുത്ത് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയാണ് നടപ്പിലാക്കുന്നത്. ഇപ്രകാരം സജ്ജീകരിച്ച സ്ഥലസൗകര്യങ്ങൾ മിതമായ നിരക്കിൽ ബിസിനസ്സിനായി നൽകുന്നു. ലഭ്യമാകുന്ന വാടകയുടെ 10% പഞ്ചായത്തുകൾക്ക് നൽകുന്നതാണ്.

(സി) ഇതിനോടകം തയ്യാറായി വന്നതും അനുയോജ്യമെന്ന് കണ്ടെത്തിയതുമായ 11 സ്ഥലങ്ങളിൽ ടെക്നോ ലോഡ്ജ് പദ്ധതി ആരംഭിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) ടെക്നോ ലോഡ്ജ് പദ്ധതി ഇപ്പോൾ ആരംഭിക്കുന്ന സ്ഥലങ്ങളിലെ പ്രവർത്തനങ്ങൾ വിശദമായി വിലയിരുത്തിയതിനു ശേഷം കൂടുതൽ പഞ്ചായത്തുകളിൽ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ ആരായാവുന്നതാണ്.

സ്മാർട്ട് സിറ്റിയുടെ നിർമ്മാണം

73(1326) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ നാലുവർഷമായി സ്മാർട്ട് സിറ്റിയുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തെല്ലാമായിരുന്നു ;